പ്രൊബേഷൻ പൂർത്തിയാക്കാത്ത ജീവനക്കാർക്ക് പ്രമോഷൻ

34 (1942) ശ്രീമതി എൻ. കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിൽ പ്രൊബേഷൻ പൂർത്തിയാക്കാത്ത ജീവനക്കാർക്ക് പ്രമോഷൻ നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ അനുസരിച്ച് ശരിയാണോ ;

(സി) ഈ വിധത്തിൽ കൊടുത്ത പ്രൊമോഷൻ പുനഃപരിശോധിക്കുമോ ?

ഉത്തരം

(എ) താല്ക്കാലിക പ്രമോഷൻ നൽകിയിട്ടുണ്ട്.

(ബി) ശരിയാണ്.

(സി) പുനഃപരിശോധനയുടെ ആവശ്യം ഇല്ല.

ബി. ഡി. ഒ. ഇല്ലാത്ത ബ്ലോക്കുകൾ

35 (1943) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റൂറൽ ഡെവലപ്പ്മെന്റ് വകുപ്പിനു കീഴിലുള്ള ബ്ലോക്ക് ഓഫീസുകളിൽ ബി.ഡി.ഒ. മാർ ഇല്ലാത്ത ബ്ലോക്കുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ജീവനക്കാരില്ലാത്ത ബ്ലോക്കുകളിൽ നിലവിലുള്ള ഒഴിവുകൾ നികത്താൻ നടപടിയെടുക്കുമോ ;

(സി) കൊയിലാണ്ടി മണ്ഡലത്തിലെ പന്തലായനി ബ്ലോക്കിൽ ആവശ്യമായ ജീവനക്കാരില്ലാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ജീവനക്കാരെ നിയമിക്കാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) നടപടി സ്വീകരിച്ചു വരുന്നു.

(സി) ഇല്ല.

(ഡി) ബാധകമല്ല.

---

†അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly